LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലില്ല

(ബി) ധനാനുമതി നൽകുന്ന പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകി അടുത്ത 20 ദിവസത്തിനുള്ളിൽത്തന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതിനും വിവിധതലങ്ങളിലുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട എം.എൽ.എ.-മാരെ യഥാസമയം അറിയിക്കുന്നതിനും ഭരണവകുപ്പുകൾക്കും നിർവ്വഹണ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുന്നതാണ്.

പഞ്ചായത്ത്/പഞ്ചായത്തേതര ചെലവുകളുടെ വിശദാംശം

113 (4695) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്കും പദ്ധതിയേതര ചെലവുകൾക്കുമായി വകയിരുത്തുകയും ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും ചെയ്ത ഇനത്തിൽ ഏതെല്ലാം വകുപ്പുകളുടെ ഇനമാണ് ചെലവാക്കാതെ ട്രഷറിയിൽ കിടക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതി ചെലവുകളിലും പദ്ധതിയേതര ചെലവുകളിലും പിന്നോക്കം നിൽക്കുന്ന വകുപ്പുകൾ ഏതെല്ലാം വിശദാംശം നൽകുമോ ?

ഉത്തരം

(എ) ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ 2011-12 മുതൽ 2015-16 വരെ ട്രഷറിയിൽനിന്ന് പിൻവലിക്കപ്പെട്ടുകയും ട്രഷറിയിൽ ചെലവാകാതെ കിടക്കുകയും ചെയ്യുന്ന ഇന സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പത്തിക വർഷം ഭവനനിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് 43 ശതമാനവും 40 ശതമാനവും 11 ശതമാനവും മാത്രമായിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമ വകുപ്പിലെ പദ്ധതി ചെലവ് 17 ശതമാനവും ആസൂത്രണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പിലേത് 32 ശതമാനവും പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യപൊതുവിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), ഗ്രാമവികസനം (48 ശതമാനം), റവന്യൂ (20 ശതമാനം), ജലവിഭവം (46 ശതമാനം), ഭവനനിർമ്മാണം (42 ശതമാനം) എന്നിവയായിരുന്നു.

വിവിധ ധനാഭ്യർത്ഥനകളിലെ പദ്ധതിയേതര ചെലവിന്റെ വകുപ്പുതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ ധനാഭ്യർത്ഥനകളിലെ ചെലവ് കണക്കുകൾ പ്രകാരം പദ്ധതിയേതരയിനത്തിൽ കുറഞ്ഞ ചെലവ് രേഖപ്പെടുത്തിയ ധനാഭ്യർത്ഥനകളുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ് :

2011-12 സാമ്പത്തിക വർഷം തെരഞ്ഞെടുപ്പ്, പൊതുഭരണം, പലവക സാമ്പത്തിക സർവ്വീസുകൾ, ക്ഷീര വികസനം എന്നീ ധനാഭ്യർത്ഥനകൾക്ക കീഴിലുള്ള വകുപ്പുകളിലും 2012-13 സാമ്പത്തിക വർഷം പൊതുഭരണം, നഗര വികസനം, ഗ്രാമവികസനം എന്നീ ധനാഭ്യർത്ഥനകൾക്ക കീഴിലുള്ള വകുപ്പുകളിലും 2013-14-ൽ ഗ്രാമവികസനം, പലവക സാമ്പത്തിക സർവ്വീസുകൾ, ഗതാഗതം, കുടുംബക്ഷേമം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2014-15 സാമ്പത്തിക വർഷം ഭവനനിർമ്മാണം, പലവക സാമ്പത്തിക സർവ്വീസുകൾ, ജലസേചനം, വിനോദ സഞ്ചാരം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലുമാണ് പദ്ധതിയേതരചെലവ് കുറവ് രേഖപ്പെടുത്തിയത്.

2015-16 സാമ്പത്തിക വർഷത്തെ ആദ്യത്തെ രണ്ടുമാസത്തെ ചെലവിന്റെ താൽക്കാലിക കണക്കുകൾ മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ചെലവിന്റെ പ്രവണത വിലയിരുത്തുന്നത് പ്രായോഗികമല്ല.

ചരക്ക് സേവന നികുതി

114 (4696) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ചരക്ക് സേവന നികുതി എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?